## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7073 02.11.2011-ൽ മറുപടിയ്ക്ക്

## ടൂറിസം ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>„ ജി. സുധാകരൻ<br>„ കെ. സുരേഷ് കുറുപ്പ്<br>„ പി. റ്റി. എ. റഹീം | **ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് ലഭ്യമാകുന്ന ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ടോ; അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് ലഭ്യമാകുന്ന ഉൽപ്പന്നങ്ങളുടെയും, സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ടൂറിസം യൂണിറ്റുകൾക്ക് ഗ്രേഡിംഗ്, അപ്രൂവൽ സ്കീം നൽകുന്നുണ്ട്. പ്രസ്തുത രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധന്മാർ ഉൾക്കൊള്ളുന്ന കമ്മറ്റികൾ പരിശോധന നടത്തിയതിനു ശേഷം യോഗ്യമായ യൂണിറ്റുകളെയാണ് ഇത്തരം പദ്ധതികൾക്ക് ഗ്രേഡുകളും അംഗീകാരവും നൽകുന്നതിനായി പരിഗണിക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങൾക്ക് സർക്കാർ അവയുടെ സൗകര്യങ്ങൾ പരിഗണിച്ച് ഗ്രീൻ ലീഫ്, ഒലിവ് ലീഫ് എന്നീ ഗ്രേഡുകൾ നൽകുന്നു. ഹൗസ് ബോട്ടുകൾക്ക് ഗോൾഡ് പാം, സിൽവർ പാം എന്നീ ഗ്രേഡുകളും, ഹോംസ്റ്റേ യൂണിറ്റുകൾക്ക് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നീ ഗ്രേഡുകളും നൽകുന്നു. കൂടാതെ സംസ്ഥാനത്തുള്ള റസ്റ്റോറന്റുകൾക്കും, സ്റ്റാർ ക്ലാസി- |

| | |
|---|---|
| | ഫിക്കേഷൻ നൽകുന്നുണ്ട്. ഇതിന് പുറമെ 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ ടൂറിസ്റ്റു-കൾക്കായി ലഭ്യമാക്കുന്ന 'ഗ്രിഹസ്ഥലി' എന്ന പദ്ധതിയും 'സർവ്വീസ്ഡ് വില്ല' എന്ന പദ്ധതിക്കും അംഗീകാരം നൽ-കുന്നു. |
| (ബി) ടൂറിസം വ്യവസായം കാര്യക്ഷമമാക്കുന്നതിന് പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വർഷം അതിനായുള്ള പുതിയ പദ്ധതികൾ വെളിപ്പെടുത്തുമോ; | (ബി) ടൂറിസം വ്യവസായം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ടൂറിസം ഉൽപന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി 2011 -12 സാമ്പത്തിക വർഷത്തിൽ വകുപ്പ് 247 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള പദ്ധതി നിർദ്ദേശ-ങ്ങൾ ആവിഷ്ക്കരിച്ചു വരുന്നു. |
| (സി) ടൂറിസ്റ്റുകളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) ടൂറിസ്റ്റുകളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ഉൽപ്പന്നങ്ങളുടെയും, സേവനങ്ങ-ളുടെയും വിവരങ്ങൾ ടൂറിസം വെബ്സൈറ്റ്, ബ്രോഷർ തുടങ്ങിയ മാധ്യമങ്ങളിലൂടെ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഇൻഫർമേഷൻ സെന്ററുകളും, ടോൾഫ്രീ നമ്പരും പ്രാവർത്തിക-മാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ